കയർ വകുപ്പിന് വകയിരുത്തിയ തുക

181 (1224) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കയർ വകുപ്പിന് എത്ര തുകയാണ് വകയിരുത്തിയിരുന്നത്; നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് വിശദമാക്കാമോ ;

(ബി) ബഡ്ജറ്റിൽ പ്രഖ്യാപിച്ച കയർ വകുപ്പുമായി ബന്ധപ്പെട്ട ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ കഴിയാതെ പോയത് എന്നറിയിക്കാമോ ; കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിൽ കയർ വകുപ്പിന് കേന്ദ്ര വിഹിതം ഉൾപ്പെടെ 1,21,93,90,000 രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ഫെബ്രുവരി മാസംവരെ (28-2-2015) 49,18,43,970 രൂപ ചെലവഴിച്ചു.

(ബി) ബജറ്റിൽ പ്രഖ്യാപിച്ച കയർ വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികളൊക്കെ നടപ്പിലാക്കിവരുന്നു.

കയർ മേള

182 (1225) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര കയർ മേളകൾ നടത്തിയിട്ടുണ്ട് ;

(ബി) ഓരോ തവണയും മേള നടത്തിപ്പിന് എന്ത് തുക ചെലവ് വന്നു എന്ന് വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ;

(സി) മേളയുടെ ഫലമായി ഓരോ വർഷവും കയറുൽപ്പന്നങ്ങൾക്ക് എന്ത് തുകയ്ക്കുള്ള ഓർഡറാണ് ലഭിച്ചത് ; വിറ്റുവരവ് എന്ത് തുകയായിരുന്നുവെന്ന് വെളിപ്പെടുത്താമോ ;

(ഡി) ഓരോ വർഷവും മേളയുടെ പ്രചാരണത്തിന് ഏതെല്ലാം ഇനത്തിൽ എത്ര രൂപ ചെലവഴിച്ചുവെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 'കയർ കേരള' എന്ന പേരിൽ 4-ഉം, 'കേരള കയർ ഫെയർ' എന്നപേരിൽ 3-ഉം ഉൾപ്പെടെ ആകെ 7 മേളകൾ നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly